# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM/P9/1963/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയതി: 12/12/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM/P9/1963/2023 തീയ്യതി: 12/12/2023

## കൊല്ലം ജില്ലയിലെ പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 19-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ അനിൽകുമാർ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 20-11-2023 | 25-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-11-2023 | 25-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ്കുമാർ പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. രാജൻ വി. ഡി., സീനി. ഗ്രേഡ് ഓഡിറ്റർ
ശ്രീ. അനീഷ് എം എസ്, സീനി. ഗ്രേഡ് ഓഡിറ്റർ
ശ്രീ. ശ്രീകുമാർ. എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി വി.പി.രമാദേവി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. റെജിമോൻ എം. | സെക്രട്ടറി | 01-04-2022 | 01-10-2022 |
| ശ്രീമതി സുമ എ | സെക്രട്ടറി | 01-10-2022 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഷാനവാസ് ഇ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 13-09-2022 |
| ശ്രീമതി.ഷീബ എ എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 14-09-2022 | 31-03-2023 |
| ശ്രീമതി സിന്ധു എൽ. | കൃഷി ഓഫീസർ | 01-04-2022 | 05-08-2022 |
| ശ്രീമതി.റോണി വർഗ്ഗീസ് | കൃഷി ഓഫീസർ | 06-08-2022 | 31-03-2023 |
| ഡോ.എം.കെ.അനീഷ് | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.റാണി ചന്ദ്രൻ എൽ | മെഡിക്കൽ ഓഫീസർ സിഎച്ച് സി | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ.സിനി എസ്. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 17-04-2022 |
| ഡോ.ദിലീപ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 18-04-2022 | 31-03-2023 |
| ശ്രീ.ബാബു സാമുവൽ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി സ്മിത എസ്. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 01-03-2023 |
| ശ്രീമതി.ശാരിക എ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 02-03-2023 | 31-03-2023 |
| ശ്രീമതി ബീന ജി. | ഹെഡ് മിസ്ട്രസ്സ് | 01-04-2022 | 31-07-2022 |
| ശ്രീ.രഞ്ജിത്ത് എ എസ് | ഹെഡ് മാസ്റ്റർ | 01-08-2022 | 31-03-2023 |
| ശ്രീ.ബിനുകുമാർ റ്റി | വി.ഇ.ഒ | 01-04-2022 | 02-05-2022 |
| ശ്രീ.ദീപു റ്റി | വി.ഇ.ഒ | 03-05-2022 | 31-03-2023 |
| ശ്രീ.കൃഷ്ണകുമാർ ജി | വി.ഇ.ഒ | 26-10-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല | 1-1-01 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-02 |
| 4 | ലൈഫ് ലോൺ /സ്റ്റേറ്റ് ഷെയർ വിതരണം ചെയ്യാൻ അവശേഷിക്കുന്ന തുകയിൽ50000 രൂപ വ്യത്യാസം | 1-1-03 |
| 5 | പേയ്മെന്റ് ആകാത്ത 7,04,406/- രൂപയുടെ ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയില്ല | 1-1-04 |
| 6 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് /ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-05 |
| 7 | B-4, ഷെഡ്യൂളിൽ വിവിധ ബാദ്ധ്യത ശീർഷകങ്ങളിൽ നീക്കിയിരുപ്പായി അവശേഷിക്കുന്ന 1677608 രൂപ ഏതെല്ലാം പദ്ധതികൾക്കുള്ളതാണെന്ന് വ്യകതമല്ല | 1-1-06 |
| 8 | ഗ്രാന്റ് റീഫണ്ട് - 10,825/- രൂപ അക്കൗണ്ട് ചെയ്യതിൽ അപാകത | 1-1-07 |
| 9 | ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കിയില്ല | 1-1-08 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 12 | ഫണ്ട് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമ പദ്ധതികൾ | 1-7 |
| 16 | ക്യാഷ് പരിശോധന | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 19 | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കി. | 1-11 |
| 20 | പാർപ്പിടാവശ്യത്തിന് വസ്തുനികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നു. | 1-12 |
| 21 | പ്രഥമ മേഖലയിലെ കെട്ടിടങ്ങളെ ദ്വിതീയമേഖലയിലും ദ്വിതീയമേഖലയിലെ കെട്ടിടങ്ങളെ തൃതീയമേഖലയിലും ഉൾപ്പെടുത്തി നികുതി ഇളവ് നൽകുന്നു | 1-13 |
| 22 | ദുരിതാശ്വാസനിധി രൂപീകരിച്ചില്ല | 1-14 |
| 23 | ലേലകുടിശ്ശിക | 1-15 |
| 24 | നികുതി - നികുതിയേതര വരുമാനം അവലോകനം | 1-16 |
| 25 | ഇ- ടെണ്ടർ ഫീസ് -പഞ്ചായത്ത് ഫണ്ട് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തില്ല. | 1-17 |
| 26 | വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു. | 1-18 |
| 27 | സിഡ്കോയിൽ നിന്നും നേരിട്ട് സാധനങ്ങൾ വാങ്ങൽ - 1,496/- രൂപ അധികം അനുവദിച്ചു | 1-19 |
| 28 | തുക ഒടുക്കിയെങ്കിലും മരുന്നും ഉപകരണങ്ങളും പൂർണ്ണമായും ലഭിച്ചില്ല. | 1-20 |
| 29 | വാട്ടർ അതോറിറ്റിയിൽ കുടിവെള്ളക്കരം ഒടുക്കൽ - സംയുക്ത പരിശോധന നടത്തണം | 1-21 |
| 30 | മഴക്കാല പൂർവ്വ ശുചീകരണം - വിനിയോഗ രേഖകളുടെ അഭാവത്തിൽ 1,10,000/- രൂപയുടെ | 1-22 |

| | | |
|---|---|---|
| | ചെലവ് തടസ്സപ്പെടുത്തുന്നു. | |
| 31 | ഹരിതകർമസേന - പ്രവർത്തന അവലോകനം | 1-23 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികയുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 31-03-2023 ൽ അവസാനിച്ച സാമ്പത്തികവർഷത്തെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 05.07.2023 ലെ 1(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 14/08/2023-ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്ന തരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവ്വഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും ഉപയോഗിച്ചിരിക്കുന്ന അക്കൌണ്ടിംഗ് തത്വങ്ങളുടേയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടേയും വിലയിരുത്തലും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവ്വഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം
അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടു കൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക ധനകാര്യപത്രിക സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1-1-01 വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ

### 1-1-02 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ഓപ്പറേറ്റിങ്, ഇൻവെസ്റ്റിങ്, ഫിനാൻസ്ങ് പ്രവൃത്തികളിൽ ജനറേറ്റ് ചെയ്ത ക്യാഷ് = 18,69,777/- രൂപ

മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം (40a-40b) = (-)10,73,809/- രൂപ

വ്യത്യാസം = 2,94,358/- രൂപ

### 1-1-03 ലൈഫ് ലോൺ /സ്റ്റേറ്റ് ഷെയർ വിതരണം ചെയ്യാൻ അവശേഷിക്കുന്ന തുകയിൽ50000 രൂപ വ്യത്യാസം

SBI A/c No 38109770668 ൽ ലൈഫ് ലോൺ/സ്റ്റേറ്റ് ഷെയർ വിതരണം ചെയ്യാൻ

അവശേഷിക്കുന്ന തുക - 2,40,670/- രൂപ

വാർഷിക കണക്ക് പ്രകാരം വിതരണം ചെയ്യാൻ അവശേഷിക്കുന്ന തുക - 2,90,670/- രൂപ

320300199 ഹെഡ് പ്രകാരം സ്റ്റേറ്റ് ഷെയർ വിതരണം ചെയ്യാൻ അവശേഷിക്കുന്ന തുക - 1,83,000/- രൂപ

ലോൺ ഷെയർ വിതരണം ചെയ്യാൻ അവശേഷിക്കുന്ന തുക
(Secured Loan -Prepaid Programme Expense = 2529787-2422117) = 1,07,670/- രൂപ

ആകെ = 2,90,670/- രൂപ

വ്യത്യാസം – 50,000/- രൂപ

1-1-04 പേയ്മെന്റ് ആകാത്ത 7,04,406/- രൂപയുടെ ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയില്ല

വിവിധ ഫണ്ടുകളിൽ നിന്നും പേയ്മെന്റ് നൽകുന്നതിനായി ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതും എന്നാൽ 2022-23 ൽ പേയമെന്റ് ആകാത്തതുമായ ബില്ലുകൾ അതാത് ഫണ്ടുകളുടെ ACR ൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്തതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ബിൽ നം | തീയതി | പ്രോജക്റ്റ് നം | തുക (രൂപ) |
|---|---|---|---|
| വികസന ഫണ്ട് ജനറൽ | | | |
| 457 | 29-03-2023 | 16 | 38,585 |
| 465 | 31-03-2023 | 114 | 25,538 |
| 463 | 31-03-2023 | 105 | 3,20,000 |
| ആകെ | | | 3,84,123 |
| വികസന ഫണ്ട് - എസ് സി പി | | | |
| 461 | 31-03-2023 | 123 | 2,13,750 |
| 467 | 31-03-2023 | 115 | 16,800 |
| ആകെ | | | 2,30,550 |
| മെയിന്റനൻസ് ഫണ്ട് -റോഡിതരം | | | |
| 452 | 28-03-2023 | 82 | 4,000 |
| 458 | 29-03-2023 | 18 | 24,520 |
| അലോട്ട്മെന്റ് നം<br>478/ | 31-03-2023 | 82 | 1,000 |
| ആകെ | | | 29,520 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ബേസിക് | | | |
| 410 | 25-03-2023 | 26 | 37,923 |
| 470 | 31-03-2023 | 65 | 22,290 |
| ആകെ | | | 60,213 |

മേൽ വിവരിച്ച പ്രകാരം 7,04,406/- രൂപയുടെ ചെലവ് Websankhya ACR ൽ നിന്നും ഒഴിവാക്കിയിട്ടില്ല.

1-1-05 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് /ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

2022-23 ൽ ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് /ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടാത്തതിന്റെ വിവരം ചുവടെ ചേർക്കുന്നു

| B-17 പ്രകാരം ബാങ്ക് ബുക്ക് നീക്കിയിരുപ്പ് റിഡംപ്ഷൻ ഉൾപ്പടെ | | B-4 പ്രകാരമുള്ള ബാദ്ധ്യത | | വ്യത്യാസം (രൂപ) |
|---|---|---|---|---|
| അക്കൗണ്ട് നം | തുക (രൂപ) | അക്കൗണ്ട് ശീർഷകം | തുക (രൂപ) | |
| Tsb 799011400002609<br>Joint Venture | 15,52,333 | 320700104 | 2,970 | |
| | | 320700204 | 13,60,898 | |
| | | 320700205 | 1,80,166 | |
| | | | 15,44,034 | 8,299 |

1-1-06 B-4, ഷെഡ്യൂളിൽ വിവിധ ബാദ്ധ്യത ശീർഷകങ്ങളിൽ നീക്കിയിരുപ്പായി അവശേഷിക്കുന്ന 1677608 രൂപ ഏതെല്ലാം പദ്ധതികൾക്കുള്ളതാണെന്ന് വ്യകതമല്ല

| അക്കൗണ്ട് ശീർഷകം | B-4 ഷെഡ്യൂളിൽ നീക്കിയിരുപ്പായി അവശേഷിക്കുന്ന തുക (രൂപ) | അപാകത |
|---|---|---|
| 320100999 | 32,674 | നീക്കിയിരുപ്പ് തുകയുടെ ആധികാരികത വ്യകതമല്ലപ്രസ്തുത തുക ഏത് പദ്ധതികളുടെ നിർവഹണത്തിന് ലഭിച്ചതാണ് എന്നതിൽ വ്യക്തമായ കണക്കില്ല |
| 320700104 | 2,970 | |
| 320700204 | 13,60,898 | |
| 320700205 | 1,80,166 | |
| 350200119 | 1,00,900 | |
| ആകെ | 16,77,608 | |

### 1-1-07 ഗ്രാന്റ് റീഫണ്ട് - 10,825/- രൂപ അക്കൗണ്ട് ചെയ്തതിൽ അപാകത

കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകയിൽ തിരികെ വന്ന 10825/- രൂപ അക്കൗണ്ട് ശീർഷകം 140700199 ഉൾപ്പെടുത്തി തനത് വരവാക്കി മാറ്റി. 25/07/2022 ലെ സ.ഉ(സാധാ) നം 1785/2022/ LSGD ഉത്തരവ് പ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് മാത്രമായി വിനിയോഗിക്കുന്നതിനായി ബാദ്ധ്യത ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല. വിനിയോഗ സാക്ഷ്യപത്രം പ്രകാരം ഉള്ള തുക Advance To Implementing Agencies – Deposit With Kerala Water Authority – ശീർഷകത്തിൽ കുറവ് ചെയ്തില്ല വിശദാംശം ചുവടെ ചേർക്കുന്നു.

| രസീത് നം | തീയതി | തുക (രൂപ) |
|---|---|---|
| 1220100011 | 05-04-2022 | 2,036 |
| 1220000096 | 20-01-2023 | 8,789 |
| | | 10,825 |

### 1-1-08 ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കിയില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2022-23 ൽ അബ്സ്ട്രാക്ട് തയ്യാറാക്കിയത് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും പേജ് ടോട്ടൽ ചെയ്യാതെയാണ് അബ്സ്ട്രാക്ട് തയ്യാറാക്കിയത് എന്ന് കാണുന്നു.

### 1-2 ബജറ്റ്

2022-23 ലെ ബജറ്റ് 26.03.2022-ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 02.03.2023-ലെ 4(1) തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 76,13,249/- രൂപ |
| വരവ് | 2,45,38,019/- രൂപ |
| ആകെ | 3,21,51,268/- രൂപ |
| ചെലവ് | 2,56,11,828/- രൂപ |
| നീക്കിയിരിപ്പ് | 65,39,440/- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/നിരാകരിച്ച തുക | 0 |
| തടസ്സപ്പെടുത്തിയ തുക | 19,27,500/- രൂപ |

വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലെ ട്രഷറി അക്കൗണ്ടിലെ വരവ് ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തിയിട്ടില്ല.

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | സി.ബി ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 1,05,74,000/- | 1,05,74,000/- | 96,26,737/- | 9,47,263/- |
| വികസന ഫണ്ട്-എസ്.സി.പി | 0 | 81,13,000/- | 81,13,000/- | 72,20,418/- | 8,92,582/- |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 0/- | 0/- | 0/- | 0/- |
| മെയിന്റനൻസ്, റോഡ് | 0 | 1,36,37,000/- | 1,36,37,000/- | 1,09,35,447/- | 27,01,553/- |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 45,70,000/- | 45,70,000/- | 43,40,726/- | 2,29,274/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied-Bank) | 12,35,172/- | 27,58,000 + 15,400/-(refund) =27,73,400/- | 40,08,572/- | 14,20,127/- | 25,88,445/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied-Bank) | 2,71,384/- | (18,39,000 + 78,777(int) 19,17,777/- | 21,89,161/- | 21,65,316/- | 23,845/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied-Treasury | 0 | 14,41,349/- | 14,41,349/- | 10,89,544/- | 3,51,805/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied-Treasury) | 0 | 99,489/- | 99,489/- | 50,720/- | 48,769/- |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| ലൈഫ് ഭവന നിർമ്മാണം | 1,83,000/- | 10,00,000/- | 11,83,000/- | 10,00,000/- | 1,83,000/- |
| ശുചിത്വ മിഷൻ | 1550889/- | 2,22,800/- | 17,78,889/- | 3,83,000/- | 13,95,889/- |
| ഫിഷറീസ് | 70,314/- | 0 | 70,314/- | 0 | 70,314/- |
| ആശ്രയ | 0 | 12,14,400/- | 12,14,400/- | 12,14,400/- | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ICDS | 10,57,582/- | 9,92,964/- | 20,50,546/- | 6,18,766/- | 14,31,780/- |

| | | | | | |
|---|---|---|---|---|---|
| ഹെൽത്ത് ഗ്രാന്റ് -ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | 0 | 384,456/- | 3,84,456/- | 60,000/- | 3,24,456/- |
| ഹെൽത്ത് ഗ്രാന്റ് -സബ് സെന്റർ | 0 | 4,21,438/- | 4,21,438/- | 1,55,997/- | 2,65,441/- |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ്<br>Mnregs അക്കൗണ്ട്<br>റീക്കുപ്മെന്റ്<br>എം.ജി.എൻ.<br>ആർ.ഇ.ജി.എസ് | 114/- | 13,53,512 +<br>17,45,372<br>= 30,98,884/- | 30,98,998/- | 13,52,050 +<br>17,45,372<br>= 30,97,422/- | 1,576/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 152 | 8,35,27,309/- | 91 | 4,40,17,443/- | 42 | 19 | 52.7% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | ഒ.ബി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | സി.ബി ₹ |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ്<br>Mnregs അക്കൗണ്ട്<br>റീക്കുപ്മെന്റ്<br>എം.ജി.എൻ.<br>ആർ.ഇ.ജി.എസ് | 114/- | 1353512 +<br>1745372<br>= 30,98,884 | 30,98,998 | 1352050 +<br>1745372<br>= 30,97,422 | 1,576/- |
| തൊഴിലാളികളുടെ കൂലി | 0 | 2,92,41,049 | 2,92,41,049 | 2,92,41,049 | 0 |
| സ്കിൽഡ് / സെമിസ്കിൽഡ് | 0 | 11,55,550 | 11,55,550 | 11,55,550 | 0 |
| മെറ്റീരിയൽ | 0 | 55,77,000 | 55,77,000 | 55,77,000 | 0 |
| ആകെ | 114 | 3,90,72,483 | 3,90,72,597 | 3,90,71,021 | 1,576 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) |
|---|---|
| തൊഴിൽരഹിത വേതനം | 14,760 |
| കർഷകതൊഴിലാളി പെൻഷൻ | 13,02,400 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 1,80,000 |
| വാർദ്ധക്യകാലപെൻഷൻ | 1,85,13,000 |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 24,93,600 |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 2,64,800 |
| വിധവാപെൻഷൻ | 91,01,400 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-11-2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,928/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

*പൊതുജീവിതത്തെ സ്വാധീനിക്കുന്ന ക്ഷേമ ചുമതലകളും സാമ്പത്തിക വികസന പ്രവർത്തനങ്ങളും നിർവ്വഹിക്കുന്നതിന് പര്യാപ്തമായ വിധത്തിൽ അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിച്ചുവരുന്നുണ്ട്.

*നികുതി-നികുതിയേതര വരവുകൾ കൃത്യമായി നിർണ്ണയിച്ച് പിരിവ് നടത്തുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് ചട്ടങ്ങളിൽ പരാമർശിച്ചിട്ടുള്ള നടപടികളും, പരിശോധനകളും ക്രമപ്രകാരം നടത്തിയതിന്റെ രേഖകളില്ല.

*ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ ബാധകമായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയം പാലിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിന് ഉതകുന്ന നിയന്ത്രണ/മേൽനോട്ട സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാകേണ്ടതുണ്ടെന്ന് കാണുന്നു.

*പദ്ധതി ആസൂത്രണ നിർവഹണ പ്രവർത്തനങ്ങൾ സമയബന്ധിതമായി ഫലപ്രാപ്തിയിലെത്തിക്കുന്നതിന് കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്. നിർവ്വഹണാധികാരികൾ പദ്ധതികൾ നടപ്പിൽവരുത്താതിരിക്കുന്നതിന്റേയും, പദ്ധതികൾ സ്പിൽഓവർ ആകുന്നതിന്റേയും കാരണം ബന്ധപ്പെട്ട കമ്മിറ്റികൾ പരിശോധിക്കേണ്ടതാണ്.

*മരാമത്ത് പ്രവൃത്തികളിൽ പദ്ധതി പണത്തിന്റെ മിതവ്യയം കണക്കിലെടുക്കുന്നുവെന്നും, ആരംഭിച്ച പദ്ധതികൾ സമയക്ലിപ്തത പാലിച്ച് കാര്യക്ഷമമായി പൂർത്തീകരിക്കുന്നുവെന്നുംഉറപ്പാക്കേണ്ടതാണ്.

*ഭവനനിർമ്മാണം/ഭവനപുനരുദ്ധാരണം എന്നീ പ്രവൃത്തികൾ സമയബന്ധിതമായിത്തന്നെ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതാണ്.

*തനതു വരുമാന വർദ്ധനവിനുതകുന്ന നികുതി നികുതിയേതര വരവുകൾ ഉയർത്തുന്നതിനുള്ള പുതിയ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതും കെട്ടിട നികുതിയുൾപ്പടെയുള്ളവയുടെ കൃത്യമായ നികുതി നിർണ്ണയവും പിരിച്ചെടുക്കലും ഉറപ്പാക്കേണ്ടതുമാണ്.

*ഹരിതകർമ്മ സേനയുടെ പ്രവർത്തനത്തിൽ പരിമിതികൾ നിലനിൽക്കുന്നു.അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്.ഹരിതകർമ്മ സേനാ പ്രവർത്തനങ്ങൾ,എം ജി എൻ ആർ ജി എസ് പ്രവർത്തനങ്ങൾ എന്നിവയിൽ ഭരണസമിതി അംഗങ്ങളുടെ കൂടുതൽ ശ്രദ്ധ ഉണ്ടാകേണ്ടതുണ്ട്.

മേൽ പരാമർശ വിഷയങ്ങൾ സംബന്ധമായ വിശദാംശങ്ങൾ ഖണ്ഡികകളായി പരാമർശിച്ചിട്ടുണ്ട്. വിഷയങ്ങളിലേക്ക് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും പഞ്ചായത്ത് ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.11.2022 | 07/22 To 09/22 | 14.11.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.03.2017-15.03.2017 | 2011-12 To 2015-16 | 20.04.2017 |

## 1-11 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കി.

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, പരിശോധിച്ചതിൽ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളായി രേഖപ്പെടുത്തി 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് ശ്രീ/ശ്രീമതി | തറ വിസ്തീർണ്ണം ച.മി | ഉപയോഗ ക്രമം | നിരക്ക് (രൂപ) | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി (രൂപ) | 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കിയതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായ തുക (രൂപ) | റോഡിന്റെ വിവരം |
|---|---|---|---|---|---|---|---|---|
| 4 | 545 | ഷാജി മത്തായി | 157.38 | വാണിജ്യം | 50 | 7869 | 1573 | ചെളിക്കുഴി-കൈതപ്പറമ്പ് |
| 10 | 664 | വേണുഗോപാൽ | 23.8 | വാണിജ്യം | 30 | 714 | 143 | പത്തനാപുരം-ഏനാത്ത് |
| 10 | 665 | വേണുഗോപാൽ | 12.24 | വാണിജ്യം | 30 | 367 | 73 | ,, |
| 10 | 666 | വേണുഗോപാൽ | 11.56 | വാണിജ്യം | 30 | 346 | 69 | ,, |
| 1 | 464 | അജുമോൻ | 73.42 | വാണിജ്യം | 30 | 2202 | 440 | മെതുകുമേൽ-കടിക റോഡ് |
| 4 | 546 | രാജൻ | 31 | വാണിജ്യം | 30 | 930 | 186 | ചെളിക്കുഴി-കടുവാത്തോട് |
| 10 | 667 | ജയി/സുരേഷ്കുമാർ | 163.86 | പാർപ്പിടം | 7 | 1147 | 229 | കടുവാത്തോട്-പത്തനാപുരം |

പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി ഓഡിറ്റ് ചൂണ്ടിക്കാട്ടിയ പ്രകാരം പുനർ നിർണ്ണയിച്ച് കുടിശിക സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ഇത്തരത്തിൽ തെറ്റായി നികുതി നിർണ്ണയം നടത്തിയിട്ടുള്ള മുഴുവൻ കെട്ടിടങ്ങളും കണ്ടെത്തി നികുതി പുനർനിർണ്ണയിക്കേണ്ടതുമാണ്.

## 1-12 പാർപ്പിടാവശ്യത്തിന് വസ്തുനികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നു.

2022-23 ലെ ഫാക്ടറി – വ്യാപാര ലൈസൻസ് അനുവദിച്ചത് പരിശോധിച്ചതിൽ പാർപ്പിട ആവശ്യത്തിന് എന്ന് രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളിൽ ഫാക്ടറി - വ്യാപാര ലൈസൻസുകൾ നൽകിയതായി കാണുന്നു. വ്യാപാര ലൈസൻസുകൾ നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ലൈസൻസ് ഉടമയുടെ പേര് ശ്രീ/ശ്രീമതി | സ്ഥാപനത്തിന്റെ പേര് | അടിസ്ഥാന വസ്തു നികുതി നിർണയത്തിന് പരിഗണിച്ച ഉപയോഗ ക്രമം |
|---|---|---|---|---|
| 1 | 10/428 | നിഷില | KSR ഫുഡ് കോർട്ട് | പാർപ്പിടം |
| 2 | 10/85 | സലിം | സലിം സ്റ്റോഴ്സ് | പാർപ്പിടം |
| 3 | 7/318 | സജീവ്. സി | റേഷൻകട | പാർപ്പിടം |

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ ചട്ടം 17 പ്രകാരം നികുതി നിർണയത്തിനു ശേഷം കെട്ടിടത്തിലെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയാൽ ആ വിവരം കെട്ടിട ഉടമ സെക്രട്ടറിയെ അറിയിക്കണമെന്നും, ഇപ്രകാരം പുതുക്കിയ റിട്ടേൺ സമർപ്പിക്കാത്ത പക്ഷം 1,000/- രൂപയോ പുതുക്കിയ നികുതി നിർണയം മൂലമുണ്ടാകുന്ന നികുതി വർധനയോ ഏതാണോ അധികം അത് പിഴയായി ഈടാക്കാവുന്നതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഫാക്ടറി - വ്യാപാര ലൈസൻസുകൾ നൽകിയ കെട്ടിടഭാഗത്തിന് ഉപയോഗക്രമം അനുസരിച്ചുള്ള അടിസ്ഥാന നികുതി നിരക്കുകൾ ബാധകമാക്കി വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

## 1-13 പ്രഥമ മേഖലയിലെ കെട്ടിടങ്ങളെ ദ്വിതീയമേഖലയിലും ദ്വിതീയമേഖലയിലെ കെട്ടിടങ്ങളെ തൃതീയമേഖലയിലും ഉൾപ്പെടുത്തി നികുതി ഇളവ് നൽകുന്നു

വസ്തുനികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, പരിശോധിച്ചതിൽ പ്രഥമ മേഖലയിലെ കെട്ടിടങ്ങൾക്ക് ദ്വിതീയമേഖലയിൽ ഉൾപ്പെടുത്തി 10 ശതമാനം നികുതി ഇളവും ദ്വിതീയ മേഖലയിലെ കെട്ടിടങ്ങൾക്ക് തൃതീയമേഖലയിൽ ഉൾപ്പെടുത്തി 20 ശതമാനം നികുതി ഇളവും നൽകുന്നതായി കാണുന്നു. തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ (അച്ചടി)19/2011 ത.സ്വ.ഭ.വ.നമ്പർ ഉത്തരവിൽ പഞ്ചായത്ത് പ്രദേശത്തെ പ്രഥമ, ദ്വിതീയ, തൃതീയ മേഖലകളാക്കി തിരിച്ച് നികുതി നിർണ്ണയിക്കണമെന്നും പ്രഥമ മേഖലയിലെ കെട്ടിടങ്ങൾക്ക് നികുതിയിളവോ വർദ്ധനവോ ഇല്ലയെന്നും, ദ്വിതീയ മേഖലയിലെ കെട്ടിടങ്ങൾക്ക് 10 ശതമാനം നികുതിയിളവും, തൃതീയമേഖലയിലെ കെട്ടിടങ്ങൾക്ക് 20 ശതമാനം നികുതിയിളവും അനുവദിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം പഞ്ചായത്ത് പ്രദേശത്തെ 5 മീറ്റർ വീതിയുള്ളറോഡിന് അരികിലുള്ള കെട്ടിടങ്ങളെ പ്രഥമ മേഖലയിലും 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ളറോഡിന് അരികിലുള്ള കെട്ടിടങ്ങളെ ദ്വിതീയമേഖലയിലും 1.5 മീറ്ററിൽ താഴെ വീതിയുള്ള റോഡിന് അരികിലുള്ള കെട്ടിടങ്ങളെ തൃതീയ മേഖലയിലും ഉൾപ്പെടുത്തി തിരിച്ച് പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. വിജ്ഞാപനപ്രകാരം പ്രഥമ മേഖലയിൽ ഉൾപ്പെടുന്ന സ്ഥലത്ത് നിർമ്മിച്ച കെട്ടിടങ്ങളെ ദ്വിതീയ മേഖലയിലും തൃതീയ മേഖലയിലുമാണ് സ്ഥിതിചെയ്യുന്നതെന്ന് രേഖപ്പെടുത്തിനികുതിയിളവ് നൽകുന്നതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് ശ്രീ/ശ്രീമതി | തറ വിസ്തീർണ്ണം ച.മീറ്റർ | ഉപയോഗക്രമം | നിരക്ക് (ച.മീറ്റർ) | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി | ദ്വിതീയമേഖല അടിസ്ഥാനത്തിൽ 10 ശതമാനം കുറച്ചതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായ തുക (രൂപ) | തൃതീയമേഖല അടിസ്ഥാനത്തിൽ 20 ശതമാനം കുറച്ചതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായ തുക (രൂപ) |
|---|---|---|---|---|---|---|---|---|---|
| 1 | 3 | 575 | രഞ്ജു | 87.5 | പാർപ്പിടം | 7 | 612.5 | 61 | |
| 2 | 1 | 471 | ടി.ഒ ജോൺ | 65.59 | പാർപ്പിടം | 7 | 459.13 | | 92 |
| 3 | 2 | 515 | ജോളി ബിജി | 175 | പാർപ്പിടം | 7 | 1228 | | 246 |
| 4 | 2 | 516 | സണ്ണി എബ്രഹാം | 80.3 | പാർപ്പിടം | 7 | 562 | | 112 |

ഇത്തരത്തിൽ തെറ്റായ നികുതി നിർണ്ണയം നടത്തിയിട്ടുള്ള കൂടുതൽ കെട്ടിടങ്ങൾ ഉണ്ടോയെന്ന് പരിശോധിച്ച് വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശിക സഹിതം ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-14 ദുരിതാശ്വാസനിധി രൂപീകരിച്ചില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടം3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, മാറാ രോഗങ്ങൾ മുതലായവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പരിധിയിൽ വസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഓരോ പഞ്ചായത്തിലും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. ചട്ടം3 (4) പ്രകാരം ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധിയുടെ വരവു ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിൽ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് സൂക്ഷിക്കേണ്ടതുമാണ്. ചട്ടത്തിൽ നിർദ്ദേശിക്കുന്ന രീതിയിലൂടെ ദുരിതാശ്വാസ നിധിയിലേക്ക് ധനസമാഹരണം നടത്താവുന്നതും നിധി ഉപയോഗിച്ച് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്താവുന്നതുമാണ്. നിധിയെ സംബന്ധിച്ച വരവ്-ചിലവ് കണക്കുകൾ ഒരു ക്യാഷ് ബുക്കിലെഴുതേണ്ടതും വിശദാംശം രേഖപ്പെടുത്തുന്നതിന് ഒരു രജിസ്റ്ററും, സബ്കമ്മിററി യോഗനടപടികൾക്ക് മിനിററ്സും എഴുതി സൂക്ഷിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ചട്ടങ്ങൾ അനുശാസിക്കും പ്രകാരം ദുരിതാശ്വാസനിധി രൂപീകരിക്കുന്ന കാര്യം പഞ്ചായത്ത് കമ്മിറ്റിക്ക് പരിഗണിച്ച് തീരുമാനിക്കാവുന്നതാണ്.

1-15 ലേലകുടിശ്ശിക

പഞ്ചായത്തിലെ ലേലം സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ 2022-23 ൽ ലേലയിനത്തിൽ ചുവടെ ചേർത്തിരിക്കുന്ന വ്യക്തികൾ കുടിശിക വരുത്തിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ലേല ഇനം | ലേലം പിടിച്ച വ്യക്തിയുടെ പേര് | ലേലതുക ₹ | ഒടുക്കിയ തുക ₹ | കുടിശ്ശിക ₹ |
|---|---|---|---|---|
| കടുവാത്തോട് - മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം | ശ്രീ. അബ്ദുൾ കരിം | 2,40,000 | 1,80,000 (4.4.2022-ൽ രസീത് നം. 122010006 പ്രകാരം 1,30,000/- രൂപ, 18.4.2022-ൽ രസീത് നം. 1220100055 പ്രകാരം 50,000/- രൂപ) | 60,000 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം- 07/25-11-2023) മറുപടിയിൽ ലേല കുടിശിക വരുത്തിയിട്ടുള്ള വ്യക്തിയിൽ നിന്നും തുക ഈടാക്കുന്നതിനായി നടപടികൾ ആരംഭിച്ചിട്ടുള്ളതായി അറിയിച്ചു. ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള വ്യക്തിയിൽ നിന്നും ലേല കുടിശ്ശിക പിഴ പലിശ സഹിതം ഈടാക്കേണ്ടതാണ്.

1-16 നികുതി - നികുതിയേതര വരുമാനം അവലോകനം

വസ്തുനികുതി, തൊഴിൽ നികുതി, ലേലം, വാടക എന്നിവയാണ് പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങൾ. അവ പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ലേല തുക പിരിവ് 100% കൈവരിക്കാൻ സാധിച്ചിട്ടില്ല.

ഓഡിറ്റ് വർഷത്തെ നികുതി-നികുതിയേതര പിരിവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വരവിനം | ഡിമാന്റ് ₹ | കളക്ഷൻ ₹ | ബാലൻസ് ₹ | ശതമാനം |
|---|---|---|---|---|
| വസ്തുനികുതി | 21,88,189 | 21,88,189 | - | 100% |
| തൊഴിൽ നികുതി-ജീവനക്കാർ | 5,92,240 | 5,92,240 | - | 100% |
| തൊഴിൽ നികുതി-ഇൻസ്റ്റിറ്റ്യൂഷൻസ് & ട്രേഡേഴ്സ് | 1,59,290 | 1,59,290 | - | 100% |
| വാടക | 30,347 | 30,347 | - | 100% |
| ലേലം | 5,49,800 | 4,89,800 | 60,000 | 89% |
| ലൈസൻസ് | 1,20,500 | 1,20,500 | - | 100% |

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപടിയില്ല

തനത് വരവുകളുടെ പിരിവിന്റെ പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അവലോകനം ചെയ്ത് ക്യാമ്പ് കളക്ഷനുകൾ സംഘടിപ്പിച്ച് നികുതി പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ വരുമാന മേഖലകൾ കണ്ടെത്തുന്നത് സംബന്ധിച്ച യാതൊരു നിർദ്ദേശവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കപ്പെടുകയോ, ചർച്ച ചെയ്യപ്പെടുകയോ ചെയ്തിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്തിന് സ്വീകരിക്കാവുന്ന ചില നടപടികൾ താഴെ പരാമർശിക്കുന്നു.

1.വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തിയായില്ല

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023 -ലെ സ.ഉ.(കൈ)നം.77/2023/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ മൂന്ന് പ്രക്രിയകളാണുള്ളത്. ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ

2022-23 വർഷം വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും, തൊട്ടു മുൻ വർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. ആയത് പ്രകാരം 2022-23 വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി 01.04.2023 മുതൽ പ്രാബല്യത്തിൽ 5% വർദ്ധിപ്പിച്ചിട്ടുണ്ട്.

2. കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ചേർക്കൽ

വസ്തുനികുതി നിർണ്ണയത്തിന് ശേഷം തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തുക, സോഫ്റ്റ്‌വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക എന്നിവ മൂലം നികുതി നിർണ്ണയത്തിന് അടിസ്ഥാനമാക്കിയ വിവരങ്ങളിൽ നിന്നും വ്യത്യസ്തമാണ് പല കെട്ടിടങ്ങളുടെയും നിലവിലെ അവസ്ഥ. കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർത്ത്, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി

പുനർനിർണ്ണയിക്കേണ്ടതായുണ്ട്. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിയ്ക്കുമായി ആളെ നിയോഗിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ പൂർത്തിയായിട്ടില്ല.

3. 2023-24 മുതൽ വസ്തുനികുതി നിരക്കുകളും മേഖലകളും റോഡുകളുടെ തരംതിരിവും പുതുക്കൽ

2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കപ്പെടുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. ഇതിലേക്കായി 05.04.2023-ലെ സ.ഉ.(അച്ചടി)നം.25/2023/തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിയ്ക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് വിവിധയിനം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 01.04.2023 മുതൽ പ്രാബല്യത്തിൽ പരിഷ്കരിച്ചത് 18.09.2023-ലെ 5(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതി യോഗം അന്തിമമായി നിശ്ചയിച്ച് തീരുമാനിക്കുകയും വിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തെ മേഖലകളായി തരംതിരിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കൽ എന്നിവ പുതുക്കി നിശ്ചയിച്ചിട്ടില്ല. 2011-ന് ശേഷം പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങൾ, റോഡുകൾ എന്നിവയ്ക്കുണ്ടായ വികസനങ്ങൾ പരിഗണിച്ച് മേഖലകളായി തിരിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കൽ എന്നിവ പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ കൂടി സ്വീകരിക്കേണ്ടതാണ്.

ലൈസൻസ്

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ്, രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. ഹരിത കർമ്മസേനയുടെ രേഖകൾ പ്രകാരം 437 സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നുണ്ട്. എന്നാൽ 153 സ്ഥാപനങ്ങൾക്ക് മാത്രമാണ് 2022-23 സാമ്പത്തിക വർഷം ലൈസൻസ് നൽകിയിട്ടുള്ളത്. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കാത്തത് മൂലം എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പിക്കാൻ സാധിക്കുന്നില്ല.

1-17 ഇ- ടെണ്ടർ ഫീസ് -പഞ്ചായത്ത് ഫണ്ട് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തില്ല.

അസി. എഞ്ചിനീയർ നടപ്പാക്കുന്ന വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടികളിൽ ടെണ്ടർ ഫീസ് ആയി കരാറുകാർ അടച്ച 33,640/- രൂപ അസി. എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ പട്ടാഴി ശാഖയിലെ അക്കൌണ്ട് നമ്പർ 41150960235ൽ നിക്ഷേപിച്ചിരിക്കുകയാണ്. നിലവിൽ ഈ അക്കൌണ്ടിൽ 67,515/- രൂപയുടെ നീക്കിയിരിപ്പുണ്ട്. തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1-18 വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ കൊടുത്തിട്ടുള്ള പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് | തുക സ്വീകരിച്ച സ്ഥാപനം | തുക (രൂപ) | ബിൽ നം. |
|---|---|---|---|---|
| 1 | പൊതുവഴിയിലെ പോസ്റ്റ് മാറ്റി വയ്ക്കൽ (26/23)<br>അടങ്കൽ തുക – 2,65,292/- രൂപ<br>ചെലവ് – 1,41,236/-<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | കെ.എസ്.ഇബി | 1,41,236/- | 17711/-(38/27-6-22)<br>62810/-(66/21-7-22)<br>22334/-(125/27-9-22)<br>29896/-(140/19-10-22)<br>8485/-(456/29-3-23) |
| 2 | സ്ട്രീറ്റ് മെയിൻ ലൈൻ നീട്ടൽ (2/23)<br>അടങ്കൽ തുക – 16,04,800/- രൂപ (തനത്ഫണ്ട്) | കെ.എസ്.ഇബി | 16,04,800/- | 236000/-(139/19-10-22)<br>410876/-(149/2-11-22)<br>957924/-(156/11-11-22) |
| | | ആകെ | 17,46,036/- | |

വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ 17,46,036/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ ചെലവ് – 17,46,036/- രൂപ

ഓഡിറ്റ് അന്വേഷണം - 01/22-11-2023

1-19 സിഡ്കോയിൽ നിന്നും നേരിട്ട് സാധനങ്ങൾ വാങ്ങൽ - 1,496/- രൂപ അധികം അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് നം, പേര് | 120/23<br>എൽ.പി/യു പി സ്കൂൾ ഫർണീച്ചർ |
| നിർവഹണ ഉദ്യോഗസ്ഥൻ | എച്ച് എം |
| ഫണ്ട് വകയിരുത്തൽ | മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം – 2,00,000/- രൂപ |
| ചെലവ് | ബിൽ നം. 05/29-03-2023 = 2,00,000/- രൂപ |

കേരള സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെൻറ് കോർപ്പറേഷനിൽ നിന്നും സാധനങ്ങൾ നേരിട്ട് വാങ്ങുമ്പോൾ അനുവദിക്കാവുന്ന നിരക്ക് സർക്കാർ ഉത്തരവ് (സാധാ)നമ്പർ.97/2002എസ്.പി.ഡി തീ 23.12.2022-ൽ പ്രതിപാദിച്ചിട്ടുണ്ട് എന്നാൽ മേൽ പ്രോജകടിന്റെ നിർവഹണത്തിൽ പ്രസ്തുത ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന നിരക്കിൽ നിന്നും അധികമായി തുക അനുവദിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

SIDCO Wood Workshop മാവേലിക്കര Invoice No WWK/2022-23/86 DT 07-03-2023

| ഇനം | ഇൻവോയസ് പ്രകാരം ഉള്ള വില | സ. ഉ.(സാധാ)നമ്പർ.97/2002എസ്.പി.ഡി. തീ 23.12.2022 പ്രകാരമുള്ള വില | നികുതി ഉൾപ്പടെ അധിക ചെലവ് |
|---|---|---|---|
| Steel Cabinet With4 Fixed Shelves<br>(198*90*48) 20 G<br>(2 എണ്ണം) | (9,399 +(18% GST)) X 2<br>= 22,182/- രൂപ | (8,765 + (18% GST)) X 2 = 20,685/- രൂപ | 1,497/- രൂപ |

1497/- രൂപ അധികം നൽകിയത് സിഡ്കോയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

മേൽ ഇൻവോയ്സ് പ്രകാരം Anjili Wood Baby Desk (180*42.5*65) 9 എണ്ണം, 3,699/- രൂപ നിരക്കിൽ 33,291/- രൂപയും (+18% GST), Anjili Wood Baby Bench (180*30*35) 9 എണ്ണം, 2,950/- രൂപ നിരക്കിൽ 2,65,501/- രൂപയും (+18% GST) വാങ്ങിയിട്ടുണ്ട്. എന്നാൽ ഈ സാധനങ്ങൾ മേൽ ഉത്തരവിന്റെ അനുബന്ധത്തിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങാൻ അനുമതി നൽകിയ ഇനങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഇനം ഉൽപ്പന്നങ്ങൾ ടെൻഡർ നടപടി പാലിച്ച് വാങ്ങാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി – 6/24-11-2023

## 1-20 തുക ഒടുക്കിയെങ്കിലും മരുന്നും ഉപകരണങ്ങളും പൂർണ്ണമായും ലഭിച്ചില്ല.

മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ. ന് 6,55,997/- രൂപ മുൻകൂർ ഒടുക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ ഇവ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര്/നമ്പർ | പണം കൈപ്പറ്റിയ സ്ഥാപനം | അടച്ച തുക (രൂപ) | ലഭ്യമായ മരുന്നിന്റെ/ഉപകരണങ്ങളുടെ വിവരം (രൂപ) | ലഭിക്കാൻ ബാക്കിയുള്ളത് (രൂപ) |
|---|---|---|---|---|---|
| 1 | പി.എച്ച്.സിയ്ക്ക് മരുന്ന് വാങ്ങൽ, 17/23 | KMSCL, തിരുവനന്തപുരം | 4,00,000/-<br>ബിൽ നമ്പർ23/2022-23/15-11-2022 | 3,78,289/- | 21,711/- |
| 2 | സാന്ത്വന പരിചരണം, (16/223) | KMSCL, തിരുവനന്തപുരം | 1,00,000/-<br>(ഉപകരണങ്ങൾ)23/2022-23 /21-12-2022 | 90,441/- | 9,559/- |
| 3 | ഹെൽത്ത് വെൽനെസ് പ്രവർത്തനങ്ങൾ (153/23) | KMSCL, തിരുവനന്തപുരം | 1,55,997/- (ലാബ്-ഉപകരണങ്ങൾ) ഹെൽത്ത് ഗ്രാന്റ്-PFMS-requisition-no- 5032600401220038/10-01-2023 | 1,15,803/- | 40,194/- |
| | ആകെ | | 6,55,997/- | 5,84,533/- | 71,464/- |

71,464/- രൂപയുടെ മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും ലഭ്യമാകാതിരിക്കുന്ന സാഹചര്യത്തിൽ ടി വിഷയത്തിൽ ഭരണസമിതിയുടെയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്. പാലിയേറ്റീവ് കെയർ പ്രോജക്ടിൽ ഉൾപ്പെട്ട രോഗികൾക്കും ആശുപത്രിയിൽ വരുന്ന രോഗിക്കൾക്കും ഏറ്റവും അത്യന്താപേക്ഷിതമായ മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥനും തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നുകളുടേയും ഉപകരണങ്ങളുടേയും വിലയായ 71,464/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. 5/24.11.2023

തടസ്സപ്പെടുത്തിയ തുക – 71,464/- രൂപ

## 1-21 വാട്ടർ അതോറിറ്റിയിൽ കുടിവെള്ളക്കരം ഒടുക്കൽ - സംയുക്ത പരിശോധന നടത്തണം

കുടിവെള്ളക്കരം അതാതു മാസം തന്നെ ഒടുക്കവരുത്തിയിട്ടില്ലാത്തതിനാൽ പിഴ പലിശ ഉൾപ്പെടെയുള്ള തുക ഉൾപ്പെടുത്തിയിട്ടുള്ള ഡിമാന്റ് നോട്ടീസുകളാണ് ലഭിച്ചിട്ടുള്ളത്. അതാതുമാസം തന്നെ കുടിവെള്ളക്കരം ഒടുക്കവരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ 76 പൊതു ടാപ്പുകളാണ് ഉള്ളത്. ഈ ഇനത്തിൽ 2023 നവംബർ 06 പ്രാബല്യത്തിൽ ആകെ കുടിശ്ശിക 10,02,999/- രൂപ നിലനില്ക്കുന്നുണ്ട്.

പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന കേരളാ വാട്ടർ അതോറിറ്റിയുമായി ചേർന്ന് നടത്തിയതിന്റെ രേഖകൾ

ഹാജരാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 01/22-11-2023) കേരളാ വാട്ടർ അതോറിറ്റിയുമായി ചേർന്ന് പൊതു ടാപ്പുകളുടെ സംയുക്ത പരിശോധനനടത്തയിട്ടുണ്ടെന്നും റിപ്പോർട്ട് ലഭ്യമായില്ലെന്നും അറിയിച്ചു. വാർഡ്തല ലിസ്റ്റ് തയാറാക്കുകയും പൊതു ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തുകയും ചെയ്യേണ്ടത് അനിവാര്യമാണ്. ഉപയോഗത്തിലില്ലാത്ത ടാപ്പുകൾ അടിയന്തിരമായി റദ്ദുചെയ്യാനുള്ള നടപടികൾ കൈക്കൊള്ളാത്തപക്ഷം സാമ്പത്തികബാധ്യത ഉണ്ടാകും. ഇക്കാര്യത്തിൽ അടിയന്തിരമായ ഭരണതല നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-22 മഴക്കാല പൂർവ്വ ശുചീകരണം - വിനിയോഗ രേഖകളുടെ അഭാവത്തിൽ 1,10,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മഴക്കാല പൂർവ്വ ശുചീകരണത്തിനായി, വാർഡ് ഒന്നിന് 10,000/- രൂപ നിരക്കിൽ, തനത്ഫണ്ടിൽ നിന്നും 13 വാർഡുകൾക്കായി 1,30,000/- രൂപ ചെക്ക് നം. 2868856/തീയതി. 8.7.22 പ്രകാരം മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. 7, 8 വാർഡുകളിൽ ചെലവഴിച്ച 20,000/- രൂപയുടെ രേഖകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. ഇത് സംബന്ധമായി സെക്രട്ടറി മുഖേന നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകളുടേയും വിശദീകരണങ്ങളുടെയും അഭാവത്തിൽ 1,10,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം. 4/24.11.24
തടസ്സപ്പെടുത്തിയ തുക – 1,10,000/- രൂപ

1-23 ഹരിതകർമ്മസേന - പ്രവർത്തന അവലോകനം

ഗ്രാമപഞ്ചായത്തിൽ 13 വാർഡുകളിലായി 15160 കുടുംബങ്ങളും 437 സ്ഥാപനങ്ങളുമുള്ളതായി രേഖകൾ വ്യക്തമാക്കുന്നു. (ആകെ ജനസംഖ്യ 15160 – 2011 കാനേഷുമാരി വിവരങ്ങൾ). ഗ്രാമപഞ്ചായത്തിൽ നിലവിൽ 26 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേന, വാർഡുകളിലെ ഭവനങ്ങളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നും എല്ലാ മാസവും 12 മുതൽ 30 വരെയുള്ള തീയതികളിൽ അജൈവ മാലിന്യങ്ങൾ ശേഖരിക്കാൻ കലണ്ടർ പ്രകാരം പ്രവർത്തനം നടത്തുന്നു. 'ഹരിതമിത്രം' ആപ്പി-ലേക്ക് ഉൾപ്പെടുത്തുന്നതിനായി എല്ലാ ഭവനങ്ങളിലും സ്ഥാപനങ്ങളിലും ക്യൂ.ആർ കോഡ് പതിച്ചുവെങ്കിലും പദ്ധതി പൂർണ്ണഅർത്ഥത്തിൽ വിജയകരമായിട്ടില്ല. ശേഖരിക്കുന്ന മാലിന്യങ്ങൾ തരംതിരിച്ച് 'പാണ്ടാസ്' എന്ന ഏജൻസിക്കാണ് കൈമാറുന്നത്.ലെഗസി മാലിന്യങ്ങൾ സമയബന്ധിതമായി ശേഖരിച്ച് നീക്കംചെയ്യാൻ കഴിയുന്നില്ല. പഞ്ചായത്തിന് ബെയിലിംങ് സംവിധാനത്തോടുകൂടിയ എം.സി.എഫ്, മാലിന്യ നീക്കത്തിന് സ്വന്തമായി വാഹനം എന്നിവ ഇല്ല എന്നുള്ളത് ഹരിതകർമ്മസേനയുടെ പ്രവർത്തനക്ഷമതയെ ബാധിക്കുന്നുണ്ട്.
യൂസർഫീ ഇനത്തിലും അജൈവ മാലിന്യങ്ങൾ തരംതിരിച്ച് കൈമാറുന്നതിലൂടെയും ലഭ്യമാകുന്ന തുക നിക്ഷേപിക്കുന്നതിന് കൺസോഷ്യം പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിൽ കേരളബാങ്ക്, പട്ടാഴി വടക്ക് ശാഖയിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. നിക്ഷേപിക്കപ്പെടുന്നതിൽ 10% അക്കൗണ്ടിൽ നില നിർത്തിയശേഷമുള്ള തുക പ്രതിമാസം, ഓരോ അംഗത്തിനും അയാളുടെ കളക്ഷന്റെ അടിസ്ഥാനത്തിൽ അക്കൗണ്ട് വഴി വിതരണം നടത്തുന്നു. പ്രതിമാസം ഹരിത കർമ്മസേനാംഗങ്ങൾക്ക് 8,000/- രൂപ ശരാശരി വേതനം ലഭിക്കുന്നു. കൺസോഷ്യം അക്കൗണ്ടിൽ ശേഷിക്കുന്ന തുക എല്ലാവർഷവും ഓണത്തിന് ബോണസ് ഇനത്തിൽ, പ്രവർത്തനമേന്മ കൂടി കണക്കിലെടുത്ത്, ഹരിതകർമ്മസേനാംഗങ്ങൾക്ക് വീതിച്ചു നൽകുന്നു.
ഹരിതകർമ്മസേനയുടെ പ്രവർത്തനം സൂക്ഷ്മതലത്തിൽ നിരീക്ഷിക്കുന്നതിനായി ജനപ്രതിനിധികൾ, നോഡൽ ഓഫീസർ (ഹെഡ് ക്ലാർക്ക്), നിർവ്വഹണ ഉദ്യോഗസ്ഥ (VEO), ഹരിത സഹായ സ്ഥാപന പ്രതിനിധി, എന്നിവരടങ്ങുന്ന സമിതി രൂപീകരിക്കപ്പെട്ടിട്ടുണ്ട്. സമിതിയുടെ പ്രവർത്തനങ്ങളും ഇടപെടലുകളും കൂടുതൽ കാര്യക്ഷമമാകേണ്ടതുണ്ടെന്ന് ഓഡിറ്റിന് ലഭ്യമാക്കിയ കണക്കുകൾ വ്യക്തമാക്കുന്നു. ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾ എം.സി.എഫ് ലേക്ക് നീക്കുന്നതിന്റെ വാഹന വാടക ചെലവ്, ലെഗസി മാലിന്യങ്ങൾ ഒഴിവാക്കുന്നതിന്റെ ചെലവ്, ഹരിത സഹായ സ്ഥാപന പ്രതിനിധിയുടെ വേതനമിനത്തിൽ ഒടുക്കുവരുത്തുന്ന തുക എന്നിങ്ങനെ വിവിധയിനങ്ങളിൽ, ഭാരിച്ച ചെലവുകൾ പഞ്ചായത്തിന് വഹിക്കേണ്ടി വരുന്നു. യൂസർ ഫീസ് ഇനത്തിലുള്ള വരവിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും സേനാംഗങ്ങൾക്ക് ശരാശരി 8,000/- രൂപമാത്രമാണ് വേതനമിനത്തിൽ ലഭ്യമാകുന്നത് എന്നതും അപര്യാപ്തതയാണ്.
2022-23 ൽ ഹരിത ചട്ടം ലംഘിച്ചിട്ടുള്ള 6 പേരിൽ നിന്നായി 4700/-രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്. പ്രവർത്തന കാര്യക്ഷമതവർദ്ധിപ്പിക്കുന്നതിനായി ഹരിതകർമ്മസേനാംഗങ്ങൾക്ക് യൂണിഫോം, ഗ്ലൗസ്, തിരിച്ചറിയൽ കാർഡ് ഉടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ പഞ്ചായത്ത് വാങ്ങി നൽകിയിട്ടുണ്ട്. സ്മാർട്ട് ഗാർബേജ് ആപ്പ് നടപ്പിലാക്കിയതിന്റെ ഭാഗമായി എല്ലാ ഭവനങ്ങളിലും ക്യു.ആർ. കോഡ് പതിച്ച് യൂസർഫീ കളക്ട് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്താൻ തീവ്ര ശ്രമംനടന്നുവരുന്നുണ്ട്. 12 വാർഡുകളിൽ മിനി എം.സി.എഫ് സ്ഥാപിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെയും ഹരിതകർമ്മസേനാംഗങ്ങളുടെയും ആഭിമുഖ്യത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെയും പ്രധാന്യത്തേയും കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കുന്നതിന് സാധ്യമായിട്ടുണ്ട്. മൈക്ക് അനൗൺസ്മെന്റും വാർഡ് തലത്തിൽ ബോധവൽക്കരണവും നടത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ സേവനങ്ങൾ നൽകുന്നതിന് ഗ്രീൻകാർഡ് നിർബന്ധമാക്കിയിട്ടുണ്ട്.

ഹരിതകർമ്മസേന വരവ് – ചെലവ് റിപ്പോർട്ട് : 2022-23

| ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ് | കൈമാറിയ പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ് | പ്ലാസ്റ്റിക് വിൽപ്പന വരവ്(രൂപ) | യൂസർ ഫീ വരവ്(രൂപ) | ആകെ വരവ്(രൂപ) | ഹരിത കർമ്മസേനാംഗങ്ങൾക്ക് നൽകിയ വേതനം |
|---|---|---|---|---|---|
| 18095 കി.ഗ്രാം | 9751.94 കി.ഗ്രാം | 1,12,213/- | 6,46,710/- | 7,58,923/- | 6,62,925/- |

നിർദ്ദേശങ്ങൾ

1. 'ഹരിതമിത്രം' ആപ്പ് വഴി എല്ലാ ഭവനങ്ങളെയും സ്ഥാപനങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തി യൂസർ ഫീ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. കേരള പഞ്ചായത്തീരാജ് നിയമത്തിന്റെ സെക്ഷൻ -219ൽ പരാമർശിക്കുന്ന നിയമ നടപടികൾ കർശനമായി നടപ്പിൽ വരുത്തുന്നുവെന്ന് ബന്ധപ്പെട്ട അധികാരികൾ ഉറപ്പുവരുത്തേണ്ടതാണ് .

3. MLP, LEGACY മാലിന്യങ്ങൾ എല്ലാ മാസവും നീക്കം ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4. പഞ്ചായത്ത് തലത്തിൽ പരാതിപരിഹാരസെൽ രൂപീകരിക്കാവുന്നതാണ്.

5. ജൈവമാലിന്യങ്ങൾ വളമാക്കി വിതരണം ചെയ്യാവുന്നവിധം ശാസ്ത്രീയ സംവിധാനങ്ങൾ ആവിഷ്കരിക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കേണ്ടതാണ്.

6. പ്ലാസ്റ്റിക് കത്തിക്കുന്നതിന്റെ ദോഷഫലങ്ങളെക്കുറിച്ചും, അവയുടെ വിനിയോഗം കുറയ്ക്കുന്നതിന്റേയും, അവ ശാസ്ത്രീയമായി പുനരുപയോഗത്തിലൂടെ നിർമ്മാർജനം ചെയ്യേണ്ടതിന്റെയും ആവശ്യകതയെപ്പറ്റിയും പൊതുജനാവബോധം വളർത്തുന്നതിന് ആവശ്യമായ നിരന്തര കർമ്മ പരിപാടികൾ കൂടി ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തന കലണ്ടറിൽ ഉൾപ്പെടുത്തി പ്രാവർത്തികമാക്കാവുന്നതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 20-11-2023 | കെ.എസ്.എ.കെ.എൽ.എം.പി.9/1963/2023/12-12-2023 |

### 4-2 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രൊജക്റ്റിന്റെ പേര് | ചെലവ് (₹) | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 11,02,900/- | ലൈഫ് മിഷൻ - ഭൂമി വാങ്ങലും ഭവന നിർമ്മാണവും (എസ്.സി.പി.) | 11,02,900/- | - |
| | | 4,67,874/- | ലൈഫ് മിഷൻ - ഭൂമി വാങ്ങലും ഭവന നിർമ്മാണവും | 4,67,874/- | - |
| | | 4,84,071/- | പാലിന് സബ്സിഡി | 4,84,071/- | - |
| | | 71,395/- | ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 71,395/- | - |
| | | 3,00,000/- | പാലിയേറ്റീവ് കെയർ | 3,00,000/- | - |
| ജില്ലാ പഞ്ചായത്ത് | 2021-22 | 4,20,000/- | ലൈഫ് മിഷൻ - ഭൂമി വാങ്ങലും ഭവന നിർമ്മാണവും | 4,20,000/- | - |
| | | 2,00,000/- | അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി (SCP) | 2,00,000/- | - |
| | | 46,664/- | ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 46,664/- | - |
| | | 1,30,221/- | അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി (GENERAL) | 1,30,221/- | - |
| | | 2,54,517/- | പാലിന് സബ്സിഡി(GENERAL) | 2,54,517/- | |
| | | 27,027/- | പാലിന് സബ്സിഡി(SCP) | 27,027/- | |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | പോസ്റ്റ് ഷിഫ്റ്റിംഗ് | 1,41,236/- | UC ലഭ്യമാക്കിയില്ല | 1,41,236/- |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ ലൈൻ നീട്ടൽ | 16,04,800/- | UC ലഭ്യമാക്കിയില്ല | 16,04,800/- |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. മുൻ ബാക്കി 8,84,420/- രൂപയിൽ നിന്നും 8,26,750/- രൂപ ചെലവഴിച്ച 57,670/- രൂപ (*) വിതരണം ചെയ്യാൻ അവശേഷിക്കുന്നു.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക(രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | - | 0 | 33,68,266/- | 8,38,479/- | | 25,29,787/- |

*സുലേഖ ചെലവ് പത്രിക , ലൈഫ് ലോൺ വായ്പയുടെ Web Sankhya ACR എന്നിവ പ്രകാരം 8,76,750/- രൂപ വായ്പ ഇനത്തിൽ ചെലവഴിച്ച എന്നാൽ ചെക്ക് നം. 472193 തീ 21/03/2023 പ്രകാരം പിൻവലിച്ച 50,000/- രൂപ തിരികെ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ആയതിനാൽ 8,26,750/- രൂപയാണ് ചെലവായി ഉൾപ്പെടുത്തിയത്.

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികയുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2(5) | 2016-17 | അദ്ധ്യായം 1 | വസ്തുനികുതി പിരിച്ചെടുക്കാൻ ശേഷിക്കുന്ന 6,64,596/- രൂപ സംബന്ധിച്ച് | മറുപടി നൽകിയിട്ടുണ്ട്. |
| 2014-15 | 2(4) | 2016-17 | അദ്ധ്യായം 2 | സ്ഥാപന തൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കാത്തത് | - |
| 2014-15 | 2(3) | 2016-17 | അദ്ധ്യായം 2 | സ്ഥാപന തൊഴിൽനികുതി ഈടാക്കാത്തത് | എല്ലാ സ്ഥാപനങ്ങളും ഒടുക്കിയിട്ടില്ല. |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 17,46,036/- | ശ്രീ. റെജിമോൻ എം, സെക്രട്ടറി (1,02,855/-)<br>ശ്രീമതി സുമ എ, സെക്രട്ടറി (16,43,181/-) |
| 1-20 | 71,464/- | ഡോ. റാണി ചന്ദ്രൻ എൽ, മെഡിക്കൽ ഓഫീസർ, സിഎച്ച് സി |

| | | |
|---|---|---|
| 1-22 | 1,10,000/- | ഡോ. റാണി ചന്ദ്രൻ എൽ, മെഡിക്കൽ ഓഫീസർ, സിഎച്ച് സി |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. റെജിമോൻ. എം,<br>സെക്രട്ടറി | സെക്രട്ടറി,<br>പോരുവഴി ഗ്രാമപ്പഞ്ചായത്ത് | തട്ടാരഴികത്ത്,<br>പുത്തൂർ പി.ഒ,<br>കൊല്ലം. |
| ശ്രീമതി. സുമ എ,<br>സെക്രട്ടറി | വിരമിച്ചു | കൊച്ചുവീട്,<br>താമരക്കുളം,<br>കൊല്ലം. |
| ഡോ.റാണി ചന്ദ്രൻ എൽ ,<br>മെഡിക്കൽ ഓഫീസർ സി.എച്ച്.സി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി,<br>പട്ടാഴി വടക്കേക്കര ഗ്രാമപ്പഞ്ചായത്ത് | അഭിരാമം,<br>ഠൌൺ വെസ്റ്റ് നഗർ,<br>മാർക്കറ്റ് ജം., കൊട്ടാരക്കര. |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-2002 | കെ.എസ്.എ.കെ.എൽ.എം പി-9 -382(7)/18 Dt – 23.2.18 | 1 |
| 2002-2003 | കെ.എസ്.എ.കെ.എൽ.എം പി-9 -382(8)/18 Dt – 23.2.18 | 1 |
| 2003-2004 | കെ.എസ്.എ.കെ.എൽ.എം പി-9 -382(9)/18 Dt – 23.2.18 | 4 |
| 2004-2005 | കെ.എസ്.എ.കെ.എൽ.എം പി-9 -382(10)/18 Dt – 23.2.18 | 6 |
| 2005-2006 | കെ.എസ്.എ.കെ.എൽ.എം പി-9 -382(11)/18 Dt – 23.2.18 | 3 |
| 2006-2007 | കെ.എസ്.എ.കെ.എൽ.എം പി-9 -1489/19 Dt – 23.06.2020 | 2 |
| 2007-2008 | കെ.എസ്.എ.കെ.എൽ.എം പി-9 -745(2)/19 Dt – 31.5.2019 | 8 |
| 2008-2009 | കെ.എസ്.എ.കെ.എൽ.എം പി-9 -745(3)/19 Dt – 31.5.2019 | 4 |
| 2009-2010 | കെ.എസ്.എ.കെ.എൽ.എം പി-9 -745(4)/19 Dt – 31.5.2019 | 4 |
| 2010-2011<br>&2011-2012 | കെ.എസ്.എ.കെ.എൽ.എം പി-9/Adalath 2010-11,11-12/1563(1)/22 Dt – 19.08.22 | 10 |
| 2012-2013<br>&2013-2014 | കെ.എസ്.എ.കെ.എൽ.എം പി-9/Adalath 2012-13,13-14/1563(2)/22 Dt – 19.08.22 | ----- |
| 2014-2015 | കെ.എസ്.എ.കെ.എൽ.എം പി-9/Adalath 2014-15/1563(2)/22 Dt – 19.08.22 | 9 |
| 2015 -2016 | കെ.എസ്.എ.കെ.എൽ.എം പി-9/Adalath 2015-16/1563/22 Dt – 19.08.22 | 8 |
| 2016 -2017 | കെ.എസ്.എ.കെ.എൽ.എം പി-9 -183/2020 Dt – 20.11-2020 | 5 |
| 2017-2018 | കെ.എസ്.എ.കെ.എൽ.എം പി-9 -1054/2020 Dt – 14.10.2020 | 8 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം പി-9/555/2020/26.06.2020 | 5 |
| 2019-20 | കെ.എസ്.എ.കെ.എൽ.എം പി-9 1012/21/30.11.2021 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ.കെ.എൽ.എം പി-9/993/2022/23.07.2022 | എല്ലാ ഖണ്ഡികകളും |
| 2021-22 | കെ.എസ്.എ.കെ.എൽ.എം പി-9/170/2023/04-04-2023 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 05-07-2023 and submitted on 14-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Pattazhi Vadakkekara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Pattazhi Vadakkekara Grama Panchayat for the year 2022-2023

Date: 12/12/2023

Deputy Director
District Office Kollam
Kerala State Audit Department

**Audit Report appended to the Audit Certificate of Pattazhi Vadakkekara Grama Panchayat for the Year 2022-2023.**

**1.Major Observations**

NIL

**2.Other Observations**

1. An Amount of Rs. 1,082/- refunded from advance given to KWA from various grant payments credited in own fund.
2. The following mandatory financial statements prescribed in accounting rules are not submitted for audit
a) Ratios
b) notes on accounts
3. Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
4. The closing balance of the Bank account (Life loan / State Share Account) differs by Rs. 50,000/- with respect to the corresponding liability head shown in the Balance Sheet.
5. Uncashed bills for Rs. 7,03,776/- has not been cancelled from websankhya ACR
6. Details of Grant liability amount shown as liability in Balance sheet has not been maintained and produced for audit
7. Deposit Registers - not reliable for audit

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്